**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **07-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് യോഗ്യത നിബന്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. മുഖേന അധ്യാപക ജോലിയിൽ പ്രവേശിച്ചവർക്ക് കെ-ടെറ്റ് യോഗ്യത 2016 മുതൽ മാത്രമാണ് പ്രാബല്യത്തിൽ വന്നതെങ്കിലും എയിഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർക്ക് 2013 മുതൽ കെ-ടെറ്റ് പ്രാബല്യത്തിൽ വരുത്തിയത് കാരണം അനേകം എയിഡഡ് സ്കൂൾ അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ്, ഗ്രേഡുകൾ എന്നിവ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 20.07.2011 ന് ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും, എയ്ഡഡ് സ്കൂളിൽ 01.06.2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. 30.08.2016 ലെ സ.ഉ (പി) നം. 145/2016/പൊ.വി.വ പ്രകാരം, പ്രസ്തുത തീയതി മുതലുള്ള പി.എസ്.സി വിജ്ഞാപനങ്ങളിൽ കെ-ടെറ്റ് നിർബന്ധ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് കെ-ടെറ്റ് പാസായവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. എൻ.സി.റ്റി.ഇ. വിജ്ഞാപന തീയതിയായ 20.07.2011 ന് ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണെന്ന് 30.06.2020 ലെ ജെ3/37/2020/പൊ.വി.വ സർക്കാർ കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2012 മുതൽ 2016 വരെയുള്ള സർക്കാർ സ്കൂൾ നിയമനങ്ങളിൽ കെ-ടെറ്റ് യോഗ്യത ഒഴിവാക്കുകയോ, യോഗ്യത നേടുന്നതിൽ ഇളവോ അനുവദിച്ചിട്ടില്ല.<br><br>2019-20 വരെ എയ്ഡഡ് സ്കൂളുകളിൽ നിയമനം നേടിയവർക്ക് മതിയായ യോഗ്യത കരസ്ഥമാക്കുവാൻ 2020-2021 അദ്ധ്യയന വർഷം അവസാനിക്കുന്നത് വരെ സമയം അനുവദിച്ചിരുന്നു. സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരമുള്ള കെ-ടെറ്റ് യോഗ്യത കരസ്ഥമാക്കിയ അധ്യാപകരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് നിയമന തീയതി അടിസ്ഥാനമാക്കി അനുവദിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ദീർഘിപ്പിച്ച് നൽകിയ സമയ പരിധിക്കുള്ളിൽ |

| | | | |
|---|---|---|---|
| | | | മതിയായ യോഗ്യത കരസ്ഥമാക്കാത്തവരുടെ പ്രൊബേഷനും ഇൻക്രിമെന്റുമാണ് തടഞ്ഞുവെച്ചിട്ടുള്ളത്. |
| (ബി) | സർക്കാർ, എയിഡഡ് എന്ന വേർതിരിവില്ലാതെ അധ്യാപകർക്ക് തുല്യ പരിഗണന നൽകി 2012 മുതൽ 2016 വരെ നിയമിതരായി സർവ്വീസിൽ തുടരുന്ന എയിഡഡ് സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത വേണമെന്ന നിബന്ധന ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 20.07.2011 ന് ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും, എയ്ഡഡ് സ്കൂളിൽ 01.06.2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. 30.08.2016 ലെ സ.ഉ (പി) നം. 145/2016/പൊ.വി.വ പ്രകാരം, പ്രസ്തുത തീയതി മുതലുള്ള പി.എസ്.സി വിജ്ഞാപനങ്ങളിൽ കെ-ടെറ്റ് നിർബന്ധ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് കെ-ടെറ്റ് പാസായവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളു. എൻ.സി.റ്റി.ഇ. വിജ്ഞാപന തീയതിയായ 20.07.2011 ന ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണെന്ന് 30.06.2020 ലെ ജെ3/37/2020/പൊ.വി.വ സർക്കാർ കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2012 മുതൽ 2016 വരെയുള്ള സർക്കാർ സ്കൂൾ നിയമനങ്ങളിൽ കെ-ടെറ്റ് യോഗ്യത ഒഴിവാക്കുകയോ, യോഗ്യത നേടുന്നതിൽ ഇളവോ അനുവദിച്ചിട്ടില്ല.<br><br>2019-20 വരെ എയ്ഡഡ് സ്കൂളുകളിൽ നിയമനം നേടിയവർക്ക് മതിയായ യോഗ്യത കരസ്ഥമാക്കുവാൻ 2020-2021 അദ്ധ്യയന വർഷം അവസാനിക്കുന്നത് വരെ സമയം അനുവദിച്ചിരുന്നു. സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരമുള്ള കെ-ടെറ്റ് യോഗ്യത കരസ്ഥമാക്കിയ അധ്യാപകരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് നിയമന തീയതി അടിസ്ഥാനമാക്കി അനുവദിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ദീർഘിപ്പിച്ച് നൽകിയ സമയ പരിധിക്കുള്ളിൽ മതിയായ യോഗ്യത കരസ്ഥമാക്കാത്തവരുടെ പ്രൊബേഷനും ഇൻക്രിമെന്റുമാണ് തടഞ്ഞുവെച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ